**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 48** | **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. ബിനിമോൻ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. ദീപക് ജോയ്

ശ്രീ. എഫ്. രാജ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ഗുണ്ടാ-ക്വട്ടേഷൻ സംഘങ്ങളെ അടിച്ചമർത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഗുണ്ടാ ക്വട്ടേഷൻ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനു വേണ്ടി KAAPA നിയമ പ്രകാരമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഗുണ്ടാ ക്വട്ടേഷൻ സംഘങ്ങളുടെ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കുകയും 126 BNSS പ്രകാരമുള്ള നടപടികൾ ശക്തമാക്കുകയും റൗഡി ഹിസ്റ്ററി ഷീറ്റുകൾ തയ്യാറാക്കുകയും ഗുണ്ടാ സംഘങ്ങളെ നിരീക്ഷിക്കുന്നതിനു വേണ്ടി പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗുണ്ടാ-ക്വട്ടേഷൻ സംഘങ്ങളുടെ മയക്കുമരുന്ന് ബന്ധങ്ങൾ, സാമ്പത്തിക കുറ്റകൃത്യ ബന്ധങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി പ്രത്യേക അന്വേഷണ സംഘങ്ങളെയും സൈബർ നിരീക്ഷണ സംവിധാനങ്ങളെയും വിനിയോഗിച്ച് വരുന്നു.

**(ബി)** സംസ്ഥാനത്തെ രാത്രികാല സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി, നിലവിലുള്ള പിങ്ക് പോലീസ്, നൈറ്റ് പട്രോളിംഗ് സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്നു വിശദമാക്കാമോ;

**<u>മറുപടി:</u>** രാത്രികാല സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി പിങ്ക് പോലീസ് സംവിധാനവും നൈറ്റ് പട്രോളിംഗും കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. സ്ത്രീകൾ കൂടുതലായി യാത്ര ചെയ്യുന്ന സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തുകയും ബസ് സ്റ്റാന്റുകൾ, തൊഴിൽകേന്ദ്രങ്ങൾ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ CCTV നിരീക്ഷണവും പട്രോളിംഗും ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിർഭയ നിശ പദ്ധതി ഹെൽപ്പ് ലൈൻ നമ്പറുകളെക്കുറിച്ചും മൊബൈൽ ആപ്പുകളെക്കുറിച്ചുമുള്ള ബോധവൽക്കരണവും നടത്തി വരുന്നുണ്ട്.

**(സി)** അതിഥി തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിലും തൊഴിലിടങ്ങളിലും ഉണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും പ്രത്യേക നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** കേരളത്തിൽ ജോലിയ്ക്ക് എത്തുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ പൂർണ്ണ വിവരങ്ങൾ കുറ്റമറ്റ രീതിയിൽ ശേഖരിക്കുകയും അവരുടെ ക്രിമിനൽ പശ്ചാത്തലം അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പോലീസ് പട്രോളിംഗ് ശക്തമാക്കി അതിഥി തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിലും തൊഴിൽ സ്ഥലങ്ങളിലും ഉണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ, അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, ആയത് ഡിജിറ്റൽ രൂപത്തിലാക്കി ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനും, ഈ വിവരങ്ങളിൽ ഭാവിയിൽ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും നടത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കെൽട്രോൺ വികസിപ്പിച്ചെടുത്ത ഡിജിറ്റൽ പ്ലാറ്റ് ഫോമിൽ ജനമൈത്രി ബീറ്റ് ഡ്യൂട്ടി മെനുവിലെ മൈഗ്രന്റ് ലേബർ മോഡ്യൂൾ വഴി അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**